# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്
എം.ജി.റോഡ്, ആയുർവേദ കോളേജ് ജംഗ്ഷന്
തിരുവനന്തപുരം -695001
e.mail:kdrbtvm@gmail.com
web:www.kdrb.kerala.gov.in, Ph:0471-2339377
തിരുവനന്തപുരം

നമ്പർ. 707/R1/2022/KDRB
തീയതി : 03.12.2022

## <u>അറിയിപ്പ്</u>

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ **എൽ.ഡി ക്ലർക്ക് / സബ് ഗ്രൂപ്പ് ഓഫീസർ ഗ്രേഡ് II** തസ്തികയിലേയ്ക്ക് 02.12.2022-ൽ പ്രസിദ്ധീകരിച്ച സാദ്ധ്യതാപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് **12.12.2022 , 13.12.2022, 14.12.2022** എന്നീ തീയതികളിൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ തിരുവനന്തപുരത്തുള്ള ഓഫീസിൽ വച്ച് നടത്തുന്ന സർട്ടിഫിക്കറ്റ് വെരിഫിക്കേഷനുമായി ബന്ധപ്പെട്ട അറിയിപ്പ്:-

**I.സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ സമയത്ത് താഴെ പറയുന്ന അസ്സൽ പ്രമാണങ്ങളുമായി നേരിട്ട് ഹാജരാകേണ്ടതാണ്.**

1. അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന താങ്കളുടെ ജനനത്തീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ

2. താങ്കളുടെ വിദ്യാഭ്യാസ യോഗ്യത ( പത്താം ക്ലാസ്സ് അല്ലെങ്കിൽ തത്തുല്യ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് )

3. തിരിച്ചറിയൽ രേഖയും അതിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും (ആധാർ കാർഡ്, വോട്ടേഴ്സ് ഐ.ഡി.കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട് തുടങ്ങിയ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് അംഗീകരിച്ചിട്ടുള്ള 16 ഇനങ്ങളിൽ ഒന്ന് ) **അപേക്ഷയിൽ അവകാശപ്പെട്ടിരിക്കുന്ന വിലാസം തെളിയിക്കുന്നതിനുള്ള തിരിച്ചറിയൽ രേഖ കൈവശമില്ലാത്ത പക്ഷം ആയത് തെളിയിക്കുന്നതിന് വില്ലേജ് ഓഫീസർ / ഗസറ്റഡ് ഓഫീസർ നൽകുന്ന ONE AND SAME CERTIFICATE ഹാജരാക്കേണ്ടതാണ്**

4. ഭിന്നശേഷിക്കാർ 25.08.2020ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(പി) 19/2020/സ.നി.വ-യിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള JOB ORIENTED PHYSICAL AND FUNCTIONALITY സർട്ടിഫിക്കറ്റും **(മാതൃക കെ.ഡി.ആർ.ബി വെബ്സൈറ്റിൽ ലഭ്യമാണ്. )**

5. സംവരണാനുകൂല്യത്തിന് അർഹതയുള്ള പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലെ അംഗമാണെങ്കിൽ ബന്ധപ്പെട്ട തഹസിൽദാർ നൽകുന്ന ജാതി സർട്ടിഫിക്കറ്റിന്റെ അസ്സലും 2 പകർപ്പും

6. ജാതി സംവരണത്തിന് അർഹതയുള്ള മറ്റു പിന്നാക്ക ജാതിയിലെ/സമുദായത്തിലെ അംഗമാണെങ്കിൽ 26.09.2009ലെ 81/2009/എസ്.സി/എസ്.റ്റി/ഡി.ഡി എന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് (NCLC) (FOR EMPLOYMENT UNDER STATE GOVERNMENT)

7. ഹിന്ദു മതത്തിലെ സംവരണേതര സമുദായത്തിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നയാളാണെങ്കിൽ (Economically Weaker Sections) 18.11.2019ലെ GO (P) 79/2019/RD പ്രകാരം വില്ലേജ് ഓഫീസർ നൽകുന്ന **കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തുന്ന നിയമനങ്ങൾക്കായുള്ള സർട്ടിഫിക്കറ്റ്. ( EWS സർട്ടിഫിക്കറ്റിന്റെ മാതൃക കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ വെബ്സൈറ്റിൽ DOWNLOADS എന്ന സെക്ഷനിൽ FORMS എന്ന ഭാഗത്ത് ലഭ്യമാണ് )**

8. **പത്താം ക്ലാസ്സ് CBSE / ICSE പഠിച്ചവർ ഹിന്ദു സമുദായാംഗമാണ് എന്ന് തെളിയിക്കുന്നതിന് വില്ലേജ് ആഫീസറിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കേണ്ടതാണ്.**

II. 1. **സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ടതായ തങ്ങളുടെ ജാതി സർട്ടിഫിക്കറ്റ്/നോൺ ക്രീമീലെയർ സർട്ടിഫിക്കറ്റ് / EWS സർട്ടിഫിക്കറ്റ് ഇവയുടെ അസ്സൽ ഹാജരാക്കാത്തപക്ഷം മറ്റൊരറിയിപ്പ് കൂടാതെ ഇവരെ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതാണ്.**

2. **ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, സമുദായം, മറ്റ് ആനുകൂല്യങ്ങൾ ഇവ തെളിയിക്കുന്ന പ്രമാണങ്ങളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പ് കൂടി സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.**

3. മതം / ജാതി എന്നിവ രേഖപ്പെടുത്തിയിട്ടില്ലാത്ത പത്താം ക്ലാസ് സർട്ടിഫിക്കറ്റുകൾ (ICSE/ CBSE മുതലായവ) ഹാജരാക്കിയിട്ടുള്ള ഉദ്യോഗാർത്ഥികൾ മതം/ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കേണ്ടതാണ്.

4. സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ ദിവസം ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും സഹിതം നേരിട്ട് ഹാജരാകാത്ത പക്ഷം താങ്കളുടെ പേര് ഈ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല.. **സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ യാതൊരു കാരണവശാലും സമയം നീട്ടി നൽകുന്നതല്ല.**

5. **സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് നിശ്ചയിച്ചിട്ടുള്ള തീയതി മാറ്റിനൽകുകയോ, പ്രമാണങ്ങൾ ഹാജരാക്കുന്നതിനുള്ള സമയപരിധി നീട്ടിനൽകുകയോ ചെയ്യുന്നതല്ല.**

കുറിപ്പ്:-

1. സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ സംബന്ധിച്ച ഈ അറിയിപ്പ് അന്തിമമാണ്. ഇത് സംബന്ധിച്ച് മറ്റ് കത്തിടപാടുകൾ നടത്തുന്നതല്ല.
2. സർട്ടിഫിക്കറ്റ് വെരിഫിക്കേഷനിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾ സംസ്ഥാനത്ത് നിലവിലുള്ള കോവിഡ് -19 മാനദണ്ഡങ്ങൾ പൂർണമായും പാലിക്കേണ്ടതാണ്. വെരിഫിക്കേഷനിൽ പങ്കെടുക്കുമ്പോൾ മാസ്ക് ധരിച്ചിരിയ്ക്കേണ്ടതാണ്
3. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് അംഗീകരിച്ച തിരിച്ചറിയൽ രേഖകളുടെ വിശദവിവരം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.kdrb.kerala.gov.in)ലഭ്യമാണ്.

ഒപ്പ്/-
സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്